ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

DATE: 21.04.2026 TIME : 06.30 PM

## പ്രധാന വാർത്തകൾ

1) തൃശ്ശൂരിൽ വെടിക്കെട്ട് പുരയിലുണ്ടായ വൻ സ്ഫോടനത്തിൽ എട്ട് മരണം. 40 ഓളം തൊഴിലാളികൾക്ക് പരിക്ക്. 15 പേരുടെ നില ഗുരുതരം.
2) സ്ഫോടനവുമായി ബന്ധപ്പെട്ട് എല്ലാവിധ ചികിത്സാ സഹായങ്ങളും ലഭ്യമാക്കാൻ നിർദ്ദേശം നൽകി മുഖ്യമന്ത്രി പിണറായി വിജയൻ. അപകടത്തിൽ മജിസ്റ്റീരിയൽ അന്വേഷണത്തിന് ജില്ലാ കളക്ടർ ഉത്തരവിട്ടു.
3) വോട്ടിങ്ങ് യന്ത്രങ്ങൾ സൂക്ഷിക്കുന്ന സ്ട്രോംഗ് റൂമുകളും, സീൽ ചെയ്യാത്ത മുറികളും ഒരു സാഹചര്യത്തിലും തുറക്കരുതെന്ന് കർശന നിർദ്ദേശം നൽകി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.
4) ¬തമിഴ്നാട്ടിലും, പശ്ചിമബംഗാളിലും ഒന്നാംഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിലും പരസ്യ പ്രചാരണം പൂർത്തിയായി. വോട്ടെടുപ്പ് മറ്റന്നാൾ.
5) അമേരിക്ക-ഇറാൻ രണ്ടാം ഘട്ട സമാധാന ചർച്ചകളുമായി ബന്ധപ്പെട്ട അനിശ്ചിതത്വം തുടരുന്നു. രാജ്യത്ത് ഗാർഹിക എൽപിജി വിതരണം സാധാരണ നിലയിലാണെന്ന് കേന്ദ്രസർക്കാർ.

6) സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. മറ്റന്നാൾ വരെ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്കും സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്.

**തൃശ്ശൂർ അപകടം**

തൃശ്ശൂരിൽ വെടിക്കെട്ട് പുരയിലുണ്ടായ വൻ സ്ഫോടനത്തിൽ ഒൻപത് മരണം. 10 പേരുടെ നില ഗുരുതരമാണ്. 40 ഓളം തൊഴിലാളികൾക്ക് സ്ഫോടനത്തിൽ പരിക്കേറ്റു. തൃശൂർ മുണ്ടത്തിക്കോടുള്ള വെടിക്കെട്ട് പുരയിലാണ് സ്ഫോടനം ഉണ്ടായത്. തൃശൂർ പൂരത്തിനുള്ള തിരുവമ്പാടി വിഭാഗത്തിൻറെ അഞ്ച് വെടിപ്പുരകൾ കത്തിയതായാണ് വിവരം. വൈകുന്നേരം 3.30 ഓടെയാണ് ആദ്യത്തെ വലിയ സ്ഫോടനം കേട്ടത്.

പ്രദേശത്ത് പിന്നീടും സ്ഫോടന ശബ്ദങ്ങൾ ഉണ്ടായി. സ്ഫോടക വസ്തുക്കൾ ഏറെക്കുറെ നിർവീര്യമാക്കാൻ സാധിച്ചിട്ടുണ്ട്. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. 18 പേരെ തൃശൂർ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. സ്ഫോടന സ്ഥലത്തേക്ക് എത്താനുള്ള ബുദ്ധിമുട്ട് രക്ഷാപ്രവർത്തനത്തിന് വെല്ലുവിളി ഉയർത്തി. തൃശ്ശൂർ മെഡിക്കൽ കോളേജിലും, ജനറൽ ആശുപത്രിയിലും സമീപത്തെ മറ്റ് ആശുപത്രികളിലും ചികിത്സയ്ക്ക് വേണ്ട സജ്ജീകരണം ഒരുക്കാൻ ആരോഗ്യ

വകുപ്പ് നടപടികൾ സ്വീകരിച്ചു. പരിക്കേറ്റവർക്ക് വിദഗ്ധചികിത്സ ഉറപ്പാക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു.

## തൃശ്ശൂർ സ്ഫോടനം-മുഖ്യമന്ത്രി

തൃശ്ശൂരിലെ വെടിക്കെട്ട് പുരയിലെ സ്ഫോടനവുമായി ബന്ധപ്പെട്ട് എല്ലാവിധ ചികിത്സാ സഹായങ്ങളും ലഭ്യമാക്കാൻ സർക്കാർ സംവിധാനങ്ങളെയാകെ സജ്ജമാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. ചീഫ് സെക്രട്ടറിയുമായി മുഖ്യമന്ത്രി ഇക്കാര്യം സംസാരിച്ചു.

പൊള്ളലേറ്റവർക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ ആവശ്യമെങ്കിൽ സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉൾപ്പെടെ ഉപയോഗപ്പെടുത്തും. രക്ഷാപ്രവർത്തനത്തിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. പോലീസ്, അഗ്നിരക്ഷാസേന , ആരോഗ്യവകുപ്പ് തുടങ്ങി എല്ലാ സംവിധാനങ്ങളെയും റവന്യൂ, ദുരന്തനിവാരണ വകുപ്പുകളെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി . ദുരന്തത്തിൽ അദ്ദേഹം അനുശോചനം രേഖപ്പെടുത്തി.

## വെടിക്കെട്ടപകടം : ആർഡിഒ അന്വേഷിക്കും

തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് നിർമാണ ശാലയിലെ അപകടം സംബന്ധിച്ച് മജിസ്റ്റീരിയൽ തല അന്വേഷണത്തിന് ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ ഉത്തരവിട്ടു. അപകട കാരണവും അനന്തരഫലങ്ങളും വിശദമായി അന്വേഷിക്കുന്നതിന് സബ് ഡിവിഷണൽ മജിസ്ട്രേട്ടായ തൃശൂർ ആർഡിഒയെ ചുമതലപ്പെടുത്തി.

## മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ

സംസ്ഥാനത്തെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർക്കും, റിട്ടേണിംഗ് ഓഫീസർമാർക്കും വോട്ടെണ്ണൽ പ്രോട്ടോക്കോളുകൾ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.. സ്ട്രോംഗ് റൂമുകളും, സീൽ ചെയ്യാത്ത മുറികളും ഏതൊരു സാഹചര്യത്തിലും തുറക്കുകയോ ഉപയോഗിക്കുകയോ ചെയ്യരുതെന്ന് നിർദ്ദേശത്തിൽ വ്യക്തമാക്കുന്നു. ഇൻഡെക്സ് കാർഡുകൾ തയ്യാറാക്കുക, ENCORE പോർട്ടലിലെ വിവരങ്ങൾ പരിശോധിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കൊന്നും തന്നെ മുറികൾ തുറക്കാൻ പാടില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സുതാര്യതയും വിശ്വസ്തതയും കാത്തുസൂക്ഷിക്കുന്നതിനായി ഈ

നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ നിർദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

**പാലക്കാട്-സ്ട്രോങ്ങ് റൂം-**

പാലക്കാട് വിക്ടോറിയ കോളെജ് ലൈബ്രറി ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന, നെന്മാറ മണ്ഡലത്തിൻറെ സ്ട്രോങ്ങ് റൂം തുറന്നതായുള്ള വാർത്ത വാസ്തവ വിരുദ്ധമാണെന്ന് ജില്ലാ കളക്ടർ. സ്ടോങ്ങ് റൂമോ അനുബന്ധമായ മറ്റേതെങ്കിലും റൂമുകളൊ തുറന്നിട്ടില്ലെന്ന് അന്വേഷണത്തിൽ കണ്ടെത്തിയതായും കളക്ടർ അറിയിച്ചു. വോട്ടിംഗ് യന്ത്രങ്ങൾ സൂക്ഷിച്ചിട്ടുള്ള കേന്ദ്രങ്ങളിലെ യാതൊരു മുറികളും ചീഫ് ഇലക്ട്രൽ ഓഫീസിൽ നിന്നുള്ള നിർദ്ദേശമില്ലാതെ തുറക്കേണ്ടതില്ല എന്ന് എല്ലാ വരണാധികാരികൾക്കും ജില്ലാ കളക്ടർ കർശന നിർദ്ദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

**തമിഴ്നാട്- പശ്ചിമബംഗാൾ-തിരഞ്ഞെടുപ്പ്**

തമിഴ്നാട്ടിലും, പശ്ചിമബംഗാളിൽ ഒന്നാംഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന 152 മണ്ഡലങ്ങളിലും പരസ്യ പ്രചാരണം ഇന്ന് അവസാനിച്ചു. മുൻനിര നേതാക്കളെയടക്കം രംഗത്തെത്തിച്ച് ആവേശകരമായ കൊട്ടിക്കലാശമാണ് ഇരു സംസ്ഥാനങ്ങളിലും ഇന്ന് നടന്നത്. തമിഴ്നാട്ടിലെ 234 മണ്ഡലങ്ങളിലും ഒറ്റഘട്ടമായാണ്

തിരഞ്ഞെടുപ്പ്. കേരളത്തിൽ ജോലി ചെയ്യുന്ന തമിഴ്നാട് സ്വദേശികളായ വോട്ടർമാർക്ക് മറ്റന്നാൾ വേതനത്തോട് കൂടിയ അവധി സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. പശ്ചിമബംഗാളിൽ രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 29 ന് നടക്കും. കേരളം ഉൾപ്പെടെ നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന എല്ലായിടത്തും വോട്ടെണ്ണൽ മെയ് നാലിനാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**അമേരിക്ക-ഇറാൻ ചർച്ച**

അമേരിക്ക-ഇറാൻ രണ്ടാം ഘട്ട സമാധാന ചർച്ചകളുമായി ബന്ധപ്പെട്ട അനിശ്ചിതത്വം തുടരുന്നു.

സമാധാന ചർച്ചയ്ക്കായി ഇറാൻ പ്രതിനിധികൾ ഇസ്ലാമാബാദിൽ എത്തിയിട്ടില്ലെന്ന് ഇറാൻ ഔദ്യോഗിക ടെലിവിഷൻ റിപ്പോർട്ട് ചെയ്തു. അമേരിക്കയെ പ്രതിനിധീകരിച്ച് വൈസ് പ്രസിഡൻറ് ജെ ഡി വാൻസ് ആണ് ചർച്ചയിൽ പങ്കെടുക്കുക. രണ്ടാഴ്ച വെടിനിർത്തൽ നാളെ അവസാനിക്കാനിക്കും. വെടിനിർത്തൽ തുടരാനുള്ള സാധ്യത വിരളമാണെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് വ്യക്തമാക്കിയിരുന്നു. സമാധാന ചർച്ചയ്ക്ക് തയ്യാറാണെന്ന് അമേരിക്ക അറിയിച്ചെങ്കിലും ഇറാൻ ഇക്കാര്യത്തിൽ തീരുമാനം ഇതുവരെ വ്യക്തമാക്കിയിട്ടില്ല. ഇറാൻ കപ്പലിന് നേരെ അമേരിക്ക നടത്തിയ ആക്രമണവും, അമേരിക്കയുടെ നാവിക ഉപരോധവും കണക്കിലെടുത്ത് രണ്ടാം വട്ട സമാധാന

ചർച്ചകൾക്ക് താത്പര്യമില്ലെന്ന നിലപാടാണ് ഇറാൻ വിദേശകാര്യ വക്താവ് ഇന്നലെ അറിയിച്ചത്.

**അന്തർ മന്ത്രാലയ യോഗം**

രാജ്യത്ത് ഗാർഹിക എൽപിജി വിതരണം സാധാരണ നിലയിലാണെന്നും പാചകവാതക ക്ഷാമം റിപ്പോർട്ട് ചെയ്യിട്ടില്ലെന്നും കേന്ദ്രസർക്കാർ. അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണയുടെയും എൽപിജിയുടെയും വില വർദ്ധിച്ചിട്ടും, ആഭ്യന്തര വിതരണം തടസ്സമില്ലാതെ ഉറപ്പാക്കാൻ സർക്കാർ പരമാവധി ശ്രമിക്കുന്നുണ്ടെന്ന് പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയം ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു. പശ്ചിമേഷ്യൻ സംഘർഷങ്ങൾക്കിടയിലും രാജ്യത്തുടനീളം പാൽ ശേഖരണവും സംസ്കരണവും വിതരണവും തടസ്സമില്ലാതെ തുടരുന്നതായി മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് ഡയറക്ടർ പൂജ റസ്തോഗി പറഞ്ഞു. സംഘർഷ മേഖലയിലുള്ള എല്ലാ ഇന്ത്യൻ കപ്പൽ ജീവനക്കാരും സുരക്ഷിതരാണെന്ന് ഷിപ്പിംഗ് മന്ത്രാലയം അഡീഷണൽ സെക്രട്ടറി മുകേഷ് മംഗൾ അറിയിച്ചു.

**സ്കൂൾ പ്രവേശനം (ഇൻട്രോ)**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 10 വരെ ക്ലാസുകളിലേക്കുള്ള പ്രവേശനം മേയ് 2 മുതൽ ആരംഭിക്കും. ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായം ഈവർഷം കൂടി 5 വയസ്സായി തുടരുമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു. അടുത്ത അധ്യയന വർഷം മുതൽ ഇത് 6 വയസ്സ് ആയിരിക്കും. സ്കൂൾ പ്രവേശനത്തിന് പ്രവേശന പരീക്ഷ നടത്തരുതെന്നും നിർദേശമുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്........**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

താപനില

സംസ്ഥാനത്ത് വെള്ളിയാഴ്ചവരെ കനത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മൂന്ന് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ട്. പാലക്കാട് 40 ഡിഗ്രി സെൽഷ്യസ് വരെയും , കൊല്ലം ജില്ലയിൽ 39 വരെയും; കോട്ടയത്ത് 38 ഡിഗ്രി വരെയും താപനില ഉയരാൻ സാധ്യതയുണ്ട്. സംസ്ഥാനത്ത് ചിലയിടങ്ങളിൽ മറ്റന്നാൾ വരെ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴ അനുഭവപ്പെട്ടേക്കാമെന്നും കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി. ഇടിമിന്നൽ അപകടകരമാണ് എന്നതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം.

❁❁❁❁❁❁❁❁❁❁❁❁❁

## പാമ്പ് മുൻകരുതൽ (ഇൻട്രോ)

സംസ്ഥാനത്ത് ചൂട് കൂടിയതോടെ ഈർപ്പമുള്ള പ്രദേശങ്ങൾ തേടി ഇഴജന്തുക്കൾ എത്തുന്നതിനാൽ, ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് വനം വകുപ്പ്. പാമ്പുകളുടെ പ്രജനന കാലം കൂടിയായതിനാൽ പൊതു ജനങ്ങൾ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെക്കുറിച്ച് അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്ററും, സർപ്പ നോഡൽ ഓഫീസറുമായ ശ്രീ. മുഹമ്മദ് അൻവർ പറയുന്നു ...

(വോയിസ്)

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺ റൈസേഴ്സ് ഹൈദരാബാദ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ഹൈദരാബാദിൽ രാത്രി 7:30 നാണ് മത്സരം.

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ എഫ് സി മുഹമ്മദൻ എസ് സി യെ നേരിടും. രാത്രി 7.30ന് ചെന്നൈയിലാണ് മത്സരം.